കാഴ്ചപ്പാട്

എൻ.കെ.എം ശുകൂർ

**ഇസ്‌ലാമിക ചിന്ത
പുനരാലോചനയുടെ പ്രസക്തി**

ഇസ്‌ലാമിക ചിന്ത എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് തന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ് ലേഖകൻ. വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു

# ഇസ്‌ലാമികചിന്ത: 'കാഴ്ചപ്പാടി'ന്റെ പ്രശ്നങ്ങൾ

● **എ.കെ അബ്ദുന്നാസിർ**

**എൻ.കെ.എം** ശുക്കൂർ മുന്നോട്ടുവെക്കുന്ന (ലക്കം 35) ഖുർആനും സുന്നത്തും അടിസ്ഥാനപ്പെടുത്തിയുള്ള ഗവേഷണത്തിന്റെ പുനരവതരണം എന്ന ആശയത്തോട് ആരും വിയോജിക്കുമെന്ന് തോന്നുന്നില്ല. ആധുനിക പണ്ഡിതന്മാർ മിക്കവാറും ആ നിലക്കുതന്നെയാണ് പുതിയ വിഷയങ്ങളെ സമീപിക്കുന്നതും. അതേസമയം ഏറക്കുറെ സർവാംഗീകൃതമായ ഈ ആശയം സ്ഥാപിക്കാനുള്ള ശ്രമത്തിനിടെ അദ്ദേഹം നടത്തുന്ന ചില നിരീക്ഷണങ്ങളും അഭിപ്രായങ്ങളും തെറ്റിദ്ധാരണാജനകവും തെളിവുകളുടെയും പ്രമാണങ്ങളുടെയും പിൻബലം ആവശ്യമുള്ളതുമാണ്. അതിലേക്ക് കടക്കുന്നതിന് മുമ്പ് സാന്ദർഭികമായി ഇസ്‌ലാമിക ഗവേഷണരംഗത്തെ ഹിതകരമല്ലാത്ത പ്രവണതകളിലേക്ക് വിരൽ ചൂണ്ടട്ടെ.

ഒരു നിഘണ്ടുവിന്റെ സഹായത്തോടെ ഖുർആന്റെയും ഹദീസിന്റെയും അർഥം കഷ്ടിച്ച് മനസ്സിലാക്കാൻ കഴിയുന്നവർക്കെല്ലാം കയറി മേയാൻ പറ്റുന്ന മേച്ചിൽപുറമായി ഇസ്‌ലാമിക ഗവേഷണം മാറിയിരിക്കുന്നു. ഒരു ഖുർആനിക സൂക്തത്തിന്റെയോ ഹദീസിന്റെയോ തലയും വാലുമൊക്കെ മതി നമുക്ക് 'ഗവേഷണം' നടത്താനും പുതിയ അഭിപ്രായങ്ങൾ രൂപീകരിക്കാനും. വിവരമില്ലാത്തവർ ഫത്‌വ നൽകുകയും അങ്ങനെ അവർ സ്വയം പിഴക്കുകയും പിഴപ്പിക്കുകയും ചെയ്യുന്ന കാലത്തെപ്പറ്റിയുള്ള നബി(സ)യുടെ മുന്നറിയിപ്പ് നേരായി പുലർന്നിരിക്കുന്നു. ഗവേഷണത്തിന്റെ കവാടം കൊട്ടിയടച്ചതായിരുന്നു ഇസ്‌ലാമിക സമൂഹത്തിന്റെ ഒരു കാലത്തെ പ്രശ്നമെങ്കിൽ തുറന്നുവെക്കപ്പെട്ട അതിന്റെ വാതിലിന്റെ ദുരുപയോഗമാണ് ഇന്നത്തെ പ്രധാന പ്രശ്നമെന്നാണെന്റെ പക്ഷം. ഫലമോ പുതിയ പുതിയ പ്രശ്നങ്ങളും വിവാദങ്ങളും തർക്കവിതർക്കങ്ങളും.

ആദ്യം അഭിപ്രായം രൂപീകരിക്കുകയും പിന്നീട് അതിന് തെളിവ് ശേഖരിക്കുകയുമാണ് ഇന്നത്തെ ഗവേഷണത്തിന്റെ പൊതുരീതി. അഭിപ്രായം രൂപീകരിക്കുന്നതിലാകട്ടെ സ്വന്തം അഭിരുചിയും വ്യക്തിപരമായ ചായ്‌വുകളും സമൂഹത്തിന്റെ 'ട്രന്റും' പങ്ക് വഹിക്കുകയും ചെയ്യുന്നു.

കലകളോടുള്ള ഇസ്‌ലാമിന്റെ നിലപാടുകൾ, സ്ത്രീകളുടെ സാമൂഹിക പങ്കാളിത്തം, ബഹുസ്വര സമൂഹത്തിലെ മുസ്‌ലിംകളുടെ അവസ്ഥയുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങി പല ചർച്ചകളിലും ഇതിന്റെ അനുരണനങ്ങൾ കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുണ്ടായിരുന്ന 'മാപ്പുസാക്ഷി'യുടെ റോളിലേക്കുള്ള മുസ്‌ലിംചിന്തയുടെ തിരിച്ചുപോക്കാണിത്. ഇമാം മൗദൂദിയും ഹസനുൽ ബന്നായും പകർന്നു നൽകിയ ആത്മവിശ്വാസവും ആർജവവും ഇസ്‌ലാമിക പണ്ഡിതന്മാർക്കും ചിന്തകന്മാർക്കും നഷ്ടപ്പെടുന്നതിന്റെ സൂചന കൂടിയാണിത്. മേൽവിഷയങ്ങളിൽ ഒരു അഭിപ്രായത്തിന്റെ പക്ഷം നിൽക്കുകയല്ല; അഭിപ്രായം രൂപീകരിക്കുന്നതിൽ ബാഹ്യവും അന്യവുമായ ഇത്തരം ഘടകങ്ങൾ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുക മാത്രമാണ് ഇവിടെ.

ഡോ. യൂസുഫുൽ ഖറദാവി പറഞ്ഞതത്രെ ശരി. "പാശ്ചാത്യരുടെ സ്വാധീനവും പാശ്ചാത്യരോടുള്ള ചിന്താപരമായ അടിമത്തവും കാരണം ചില ഊഹങ്ങളെ അവർ നന്മകളായി തെറ്റിദ്ധരിക്കുകയാണ്. പാശ്ചാത്യർ ആ ചിന്താഗതി സ്വീകരിച്ചിരുന്നില്ലെങ്കിൽ ഇവർ ആ അഭിപ്രായം പ്രകടിപ്പിക്കുമായിരുന്നില്ല. അതിനിവർക്ക് തോന്നുക പോലും ചെയ്യുമായിരുന്നില്ല. പാശ്ചാത്യർ അവരുടെ നിലപാടുകൾ മാറ്റിയാൽ അവരും ധൃതിപിടിച്ച് നിലപാടുകൾ മാറ്റും. പാശ്ചാത്യരെ ചിന്താപരവും കർമപരവുമായി ചാണിന് ചാണും മുഴത്തിന് മുഴവുമായി അനുകരിക്കുകയാണിവർ. പ്രവാചകൻ(സ) പറഞ്ഞതുപോലെ അവർ ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ ഇവരും അങ്ങനെ ചെയ്യും" (*അസ്സിയാസ ശർഇയ്യ* പേജ് 266).

സെപ്റ്റംബർ 11 സംഭവങ്ങൾക്കു ശേഷം അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വശക്തികൾ നടത്തിയ അശ്വമേധവും അഫ്ഗാനിലും ഇറാഖിലും നേടിയ താൽക്കാലിക വിജയവും ഒരു പരിധിവരെ ഈ പുതിയ ഗവേഷകരെ സ്വാധീനിച്ചെന്ന് വേണം നിരീക്ഷിക്കാൻ. പാശ്ചാത്യ മനസ്സുകൾക്ക് ഹിതകരമായതെന്തും ഇസ്‌ലാമിൽ കണ്ടെത്താനും വലിച്ചുനീട്ടി അതിനൊപ്പിക്കാനുമുള്ള പഴയ പ്രവണത ശക്തിപ്രാപിച്ചിരിക്കുന്നത് ഇതിന്റെ ഭാഗമാണ്.

ഇത് നാം പറഞ്ഞാൽ ആളുകൾ എന്തു വിചാരിക്കുമെന്ന ബേജാറും ചിലയാളുകളെ വല്ലാതെ പിടികൂടുന്നുണ്ട്. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും നിയമങ്ങൾ നിർധാരണം ചെയ്യുന്നതിന് മുമ്പ് അവരെ അലട്ടുക അത് ജനങ്ങളിലുണ്ടാക്കുന്ന പ്രതികരണമാണ്. മറ്റുള്ളവരുടെ ഗുഡ് സർട്ടിഫിക്കറ്റ് നേടാനുള്ള അമിതത്വരയും 'ഇമേജ് ഡാമേജാ'കുന്നതിനെക്കുറിച്ച വേവലാതിയും വ്യക്തികൾക്കെന്ന പോലെ സംഘടനകൾക്കും ആദർശങ്ങൾക്കും അസ്വാതന്ത്ര്യമാണ് സമ്മാനിക്കുക. ലോകത്തെ സ്വന്തം കാഴ്ചപ്പാടനുസരിച്ച് മാറ്റിപ്പണിയാൻ അവതീർണമായ ഇസ്‌ലാമിന് വിശേഷിച്ചും.

ഇസ്‌ലാമിന്റെ ഇമേജിനെക്കുറിച്ച് അല്ലാഹുവിനും റസൂലിനുമില്ലാത്ത ബേജാറ് നമുക്കുണ്ടാവേണ്ടതില്ല. ഇല്ലാത്തത് ഉണ്ടെന്ന് സ്ഥാപിച്ചോ ഉള്ളത് മറച്ചുവെച്ചോ ഇസ്‌ലാമിൽ ആളെ കൂട്ടാനോ ഇസ്‌ലാമിന്റെ മുഖം മിനുക്കാനോ നാം കൽപിക്കപ്പെട്ടിട്ടില്ല. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കേണ്ടെന്നോ പരിതസ്ഥിതികൾ പരിഗണിക്കേണ്ടെന്നോ മുൻഗണ

നാക്രമം പാലിക്കേണ്ടതുണ്ടോ അല്ല ഇപ്പറഞ്ഞതിന്റെ താൽപര്യം. ജനങ്ങളുടെ ഹിതാഹിതങ്ങളും സാമൂഹികപ്രവണതകളും പ്രമാണങ്ങളുടെ അന്തസ്സത്തയെയും താൽപര്യത്തെയും കീഴ്മേൽ മറിക്കുന്നേടത്തോളം എത്തരുതെന്നാണ്. പലിശ സർവാംഗീകൃതവും ആധുനിക സമ്പദ്ഘടനയുടെ അസ്തിവാരവുമാണെന്ന കാരണത്താൽ അനുവദനീയമാണെന്ന് കണ്ടെത്തുന്നതും ഹറാമാണെന്ന് അംഗീകരിച്ചും വിശ്വസിച്ചും ഒരു നിർബന്ധിത സാഹചര്യത്തിൽ നിയന്ത്രിത ബന്ധമാവാമെന്ന് നിരീക്ഷിക്കുന്നതും ഒരുപോലെയല്ല. തത്തുല്യമായ പല വിഷയങ്ങൾക്കും ഇത് ബാധകമാണ്. മൗലാനാ മൗദൂദി എഴുതുന്നു: "അല്ലാഹുവിന്റെയും പ്രവാചകന്റെയും ഈ സ്പഷ്ടമായ നിർദേശങ്ങൾ ഗ്രഹിച്ച ശേഷം ഒരു സത്യവിശ്വാസിയായ മനുഷ്യന് രണ്ട് മാർഗങ്ങളാണ വശേഷിച്ചിട്ടുള്ളത്. ഏതൊരു ധാർമിക ദൂഷ്യങ്ങളുടെ കവാടം ബന്ധിക്കാൻ ഖുർആനും തിരുസുന്നത്തും വിശദമായ നിയമങ്ങൾ നൽകിയിരിക്കുന്നുവോ അവ അനുധാവനം ചെയ്ത് തന്നെയും തന്റെ ഗൃഹത്തെയും സമൂഹത്തെയും പ്രസ്തുത ദൂഷ്യങ്ങളിൽനിന്ന് പരിശുദ്ധമാക്കുക. അല്ലെങ്കിൽ തന്റെ ഇഛാശക്തിയുടെ ദൗർബല്യം മൂലം അവക്ക് മുഴുവനുമായോ ഭാഗികമായോ എതിർപ്രവർത്തിക്കുകയാണെങ്കിൽ ചുരുങ്ങിയത് അത് തെറ്റാണെന്ന് മനസ്സിലാക്കി ചെയ്യുക. കപോലകൽപിതമായ വ്യാഖ്യാനങ്ങളാൽ തെറ്റ് ശരിയാക്കാൻ ശ്രമിക്കാതിരിക്കുക. പ്രസ്തുത രണ്ട് രൂപങ്ങളുമുപേക്ഷിച്ച് കൊണ്ട് ഖുർആന്റെയും സുന്നത്തിന്റെയും സ്പഷ്ടമായ അനുശാസനകൾക്കെതിരിൽ പാശ്ചാത്യ സമൂഹത്തിന്റെ നടപടികൾ അവലംബിക്കുന്നത് കൊണ്ട് മാത്രം തൃപ്തിപ്പെടാതെ അതു തന്നെയാണ് സാക്ഷാൽ ഇസ്‌ലാമെന്ന് സ്ഥാപിക്കാൻ ശ്രമമാരംഭിക്കുകയും ഇസ്‌ലാമിൽ പർദാ നിയമം പറ്റുകയില്ലെന്ന് പരസ്യമായി വാദിക്കുകയും കൂടി ചെയ്യുന്നവർ തങ്ങളുടെ പാതകത്തോടും അവിശ്വാസത്തോടുമെല്ലാം അജ്ഞതയും കാപട്യവും നിർലജ്ജതയും കൂടിയാണ് പ്രകടിപ്പിക്കുന്നത്" (മൗലാനാ മൗദൂദി, *തഫ്ഹീമുൽ ഖുർആൻ, സൂറത്തുന്നൂർ* വിശദീകരണം).

നിർബന്ധിതവും താൽക്കാലികവുമായ അവസ്ഥയെ സാക്ഷാൽ അവസ്ഥയായി കണ്ട് ചിന്തിക്കുന്നതും ഒരു വിധിയെ പ്രത്യേക സാഹചര്യത്തിൽ എങ്ങനെ ഫിറ്റാക്കണമെന്ന ചിന്തയും രണ്ടും രണ്ടാണ്. ഇത് കൂട്ടിക്കലർത്തുമ്പോൾ താൽക്കാലിക അവസ്ഥ സാക്ഷാൽ അവസ്ഥയാണെന്ന് തെറ്റിദ്ധരിക്കാനിടവരും. ഉദാഹരണങ്ങൾ ധാരാളമുണ്ട്. വിസ്താരഭയത്താൽ ചുരുക്കുന്നു.

അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള സത്യം നീ ഉദ്ഘോഷിക്കുക; ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ ഇഷ്ടമുള്ളവൻ നിഷേധിക്കട്ടെ" (*അൽകഹ്ഫ്* 29). ഇതിന്റെ വിശദീകരണത്തിൽ ശഹീദ് സയ്യിദ് ഖുത്ബ് എഴുതുന്നു: "സത്യം ആകർഷകമായി തോന്നാത്തവർ പൊയ്ക്കൊള്ളട്ടെ. സ്വന്തം ദേഹേഛ ദൈവികശാസനയുമായി പൊരുത്തപ്പെടീക്കാത്തവരുമായി അനുനയം ഇല്ല. അഖീദ ആരുടെയും അധീനതയിലുള്ളതല്ല. അതിൽ മുഖം മിനുക്കുന്ന ശൈലി സ്വീകരിക്കാൻ നിഷ്കളങ്കമായി അതിനെ പിൻപറ്റുന്നവരെ കൊണ്ട് മാത്രം അത് വിജയിക്കുകയുള്ളൂ" (*ഫീ ളിലാലിൽ ഖുർആൻ* വാള്യം 4 പേജ് 2269).

"അതിനാൽ തള്ളിപ്പറയുന്നവരുടെ സമ്മർദത്തിന് വഴങ്ങിപ്പോകരുത്. താങ്കൾ അൽപം അനുനയം കൈക്കൊള്ളുകയാണെങ്കിൽ തങ്ങൾക്കും അനുനയം കൈക്കൊള്ളാമായിരുന്നുവെന്ന് അവരാഗ്രഹിക്കുന്നു" (*അൽഖലം* 8,9). ഈ ആയത്തിന്റെ വിശദീകരണത്തിൽ സയ്യിദ് ഖുത്ബ് ഇങ്ങനെ എഴുതുന്നു: "നബി (സ) മക്കയിലെ ഏറ്റവും പ്രതികൂല സാഹചര്യത്തിലായിരിക്കെ പോലും ആദർശത്തിന്റെ കാര്യത്തിൽ വില പേശലിന് തയാറായില്ല. അദ്ദേഹവും തന്റെ ദൗത്യവും അവിടെ ഉപരോധത്തിലായിരുന്നു. അദ്ദേഹത്തിന്റെ അംഗുലീപരിമിതരായ അനുയായികൾ അവിടെ പീഡിപ്പിക്കപ്പെട്ടു. പക്ഷേ, ധിക്കാരികളുടെയും പ്രമാണിമാരുടെയും മുഖത്ത് നോക്കി പറയേണ്ട ഒരു വാക്കിന്റെ കാര്യത്തിലും അദ്ദേഹം മൗനം പാലിച്ചില്ല; അവരുടെ ഹൃദയങ്ങളെ ആകർഷിക്കാനോ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാനോ വിശ്വാസവുമായി അടുത്തോ അകലെയോ ബന്ധപ്പെട്ട ഒരു വിഷയവും വിശദീകരിക്കാതെയുമിരുന്നില്ല" (*ഫീ ളിലാലിൽ ഖുർആൻ* വാള്യം 6 പേജ് 3659).

## 'കാഴ്ചപ്പാടി'ന്റെ പ്രശ്നങ്ങൾ

'നിങ്ങൾക്ക് എളുപ്പമാണ് അല്ലാഹു കാംക്ഷിക്കുന്നത്, അല്ലാഹു നിങ്ങൾക്ക് പ്രയാസം കാംക്ഷിക്കുന്നില്ല' (*അൽബഖറ* 185), 'അല്ലാഹു നിങ്ങൾക്ക് (ജീവിതം) ലഘൂകരിക്കാനാണ് ആഗ്രഹിക്കുന്നത്' (*അൽമാഇദ* 6) തുടങ്ങിയ ഖുർആൻ സൂക്തശകലങ്ങൾ പലപ്പോഴും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നുണ്ട്. ഇത്തരം സൂക്തങ്ങളെല്ലാം അല്ലാഹു നൽകിയ ഏതെങ്കിലും പ്രത്യേക ഇളവുകളുമായി ബന്ധപ്പെട്ടാണ് അവതരിച്ചിരിക്കുന്നത്. ഇസ്‌ലാമിക ശരീഅത്തിലുള്ള ഒരു നിർബന്ധ കാര്യം വേണ്ടെന്ന് വെക്കാനോ ഹറാമായ കാര്യം ചെയ്യാമെന്ന് വെക്കാനോ ഉള്ള ലൈസൻസല്ല. എന്നാൽ ഈ ആയത്തുകളുടെ അസ്ഥാനത്തുള്ള ഉപയോഗം അങ്ങനെ ഒരു തെറ്റിദ്ധാരണ ഉണ്ടാക്കുന്നുണ്ട്. ദീൻ എളുപ്പമാണ്, അതിനാൽ ഇന്ന കാര്യം ഇസ്‌ലാമിൽ ഉണ്ടാവില്ല എന്ന മട്ടിലാണ് കാര്യങ്ങളെ സമീപിക്കുന്നത്. അല്ലാഹു കാരുണ്യവാനാണ്, ലോകത്തിന് കാരുണ്യമായാണ് പ്രവാചകനെ നിയോഗിച്ചിരിക്കുന്നത്, അതിനാൽ വ്യഭിചാരത്തിനുള്ള ക്രൂരമായ ശിക്ഷ നടപ്പാക്കേണ്ടതില്ല എന്നൊക്കെ വാദിക്കാൻ തുനിഞ്ഞാലോ? ഒരു ഹദീസിൽ ഇങ്ങനെ വായിക്കാം: "അന്ത്യനാളിൽ ഒരു ഭരണാധിപനെ കൊണ്ടുവരും. അയാൾ ശിക്ഷയിൽനിന്ന് ഒരു പ്രഹരം കുറച്ചുകളഞ്ഞവനാണ്. എന്തുകൊണ്ട് നീയങ്ങനെ ചെയ്തു എന്ന് അയാളോട് ചോദിക്കുമ്പോൾ, നിന്റെ അടിമകളോടുള്ള സ്നേഹത്താൽ എന്നാവും അയാളുടെ മറുപടി. അവരോട് എന്നേക്കാൾ കുരുണയുള്ളവൻ നീയാണോ എന്ന് ചോദിക്കുകയും അവനെ നരകത്തിലിടാൻ ആജ്ഞാപിക്കുകയും ചെയ്യും. ഒരടി അധികം നൽകിയവനെയാണ് പിന്നീട് കൊണ്ടുവരുന്നത്. നീ എന്തുകൊണ്ടങ്ങനെ ചെയ്തുവെന്ന് ചോദിക്കുമ്പോൾ, അവർ തെറ്റുകളിൽനിന്ന് വിരമിക്കാൻ എന്നായിരിക്കും അവന്റെ പ്രത്യുത്തരം. അവരെപ്പറ്റി എന്നേക്കാൾ യുക്തിപൂർവം വിധിക്കുന്നവൻ നീയാണോ എന്ന് ചോദിച്ച് അവനെയും നരകത്തിലിടാൻ ആജ്ഞാപിക്കും" (*അത്തഫ്സീറുൽ കബീർ* വാള്യം 6 പേജ് 225). അതായത്, ഇസ്‌ലാമിക നിയമത്തിൽ സ്ഥിരപ്പെട്ട ഒരു കാര്യം തിരസ്കരിക്കാനോ മാറ്റിത്തിരുത്താനോ ഒരാൾക്കും അധികാരമില്ല. അത് അനുവദിച്ചു കൊടുത്താൽ ക്രമേണ ക്രിസ്തുമതത്തിന്റേതിനേക്കാൾ മോശമായ ഗതിയായിരിക്കും ഇസ്‌ലാമിനും ഉണ്ടാവുക. കാരണം ക്രിസ്തുമതത്തിൽ പണ്ഡിതന്മാരായിരുന്നു യഥേഷ്ടം ഹലാലാക്കുകയും ഹറാമാക്കുകയും ചെയ്തിരുന്നത്. ഇവിടെ പാമരന്മാരും അത് ചെയ്യാൻ തുടങ്ങും.

ഇസ്‌ലാമിന്റെ കാലിക വായനയുടെ പ്രസക്തി സ്ഥാപിക്കാൻ ലേഖകൻ പ്രധാനമായും ആശ്രയിക്കുന്നത് സകാത്തിന്റെ അവകാശികളെയാണ്. 'മുഅല്ലഫത്തുൽ ഖുലൂബിന്റെയും' ഇബ്നു സബീലിന്റെയും ഭാഷാപരമായ അർഥവും അൽപം യുക്തിയുമാണ് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ കൈമുതൽ. അദ്ദേഹം മുന്നോട്ടുവെക്കുന്ന പ്രധാന ആശയത്തെ ദുർബലപ്പെടുത്തുന്നതാണ് ഈ ഉദാഹരണങ്ങൾ. സകാത്തിന്റെ അവകാശികൾ ഖുർആൻ കൃത്യമായി എണ്ണിപ്പറഞ്ഞിട്ടുണ്ട്. നമസ്കാരത്തിന്റെ റക്അത്തിന്റെ എണ്ണമോ രൂപമോ ഖുർആൻ വ്യക്തമാക്കിയിട്ടില്ലെന്നോർക്കണം. ഈ അവകാശികളെ വിശദീകരിക്കാൻ മുഖ്യാവലംബമാക്കുന്നത് ഭാഷാപരമായ അർഥ

ത്തെയും കേവല യുക്തിയെയുമാണ്. ഇതിന് അംഗീകാരം നൽകുകയാണെങ്കിൽ പല ഇസങ്ങൾക്കും ഇസ്ലാമിൽ ഇടം നൽകേണ്ടിവരും. സ്വാലിഹാത്ത് എന്ന പദത്തെയും ലേഖകൻ വിശദീകരിക്കുന്നത് ഇതേ തരത്തിലാണ്. ഇസ്ലാമിന്റെ സാങ്കേതിക പദങ്ങളെ ഇത്ര ലാഘവത്തോടെ വിശദീകരിക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം പദങ്ങളെയും പ്രയോഗങ്ങളെയും കുറിച്ച പ്രാചീന പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഖുർആന്റെ അർഥത്തെ പരിമിതപ്പെടുത്തിക്കളയുമെന്നാണ് വാദമെങ്കിൽ, ഈ വിഷയങ്ങളിൽ നബി(സ)യുടെയും സ്വഹാബത്തിന്റെയും നടപടികളും വ്യാഖ്യാനങ്ങളും പരിശോധിക്കാമായിരുന്നു. ജീവിതത്തിന്റെ പുറമ്പോക്കിലുള്ള പാവപ്പെട്ടവരെ മിക്കവാറും ഉൾക്കൊള്ളാൻ സകാത്തിൽ വകുപ്പുണ്ട്. ഇവിടെ വിഷയം സകാത്തല്ലാത്തതുകൊണ്ട് ആഴത്തിലുള്ള ചർച്ച അപ്രസക്തമാണ്. *ഫിഖ്ഹുസ്സകാത്ത്* തുടങ്ങിയ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ 'ഏതൊക്കെ കാലത്ത് ഏതൊക്കെ പണ്ഡിതന്മാർ' എത്ര ആഴത്തിലാണ് വിഷയം അപഗ്രഥിച്ചതെന്ന് കാണാം.

മുൻഗാമികൾ ഖുർആനിലെ ഓരോ വാക്കിനെയും എങ്ങനെ മനസ്സിലാക്കിയെന്നതും വളരെ പ്രധാനമാണ്. ഖുർആനിലെ പല സൂക്തങ്ങളും ഒന്നിലധികം രൂപത്തിൽ വേണമെങ്കിൽ വ്യാഖ്യാനിക്കാം. അതിനാലാണ് പിഴച്ചവരെന്ന് സമുദായം ഒന്നടങ്കം വിധിയെഴുതിയ വിഭാഗങ്ങളടക്കം തങ്ങളുടെ വിശ്വാസങ്ങൾക്കും നിലപാടുകൾക്കും അടിസ്ഥാനമായി ഖുർആനെ ഉയർത്തിക്കാട്ടുന്നത്. ഖാദിനായികൾ മുതൽ സർവമത സത്യവാദികൾ വരെ ഖുർആനെ ഉദ്ധരിക്കുന്നുണ്ട്. അപ്പോൾ ആദിമ സംബോധിതർ അതിനെ എങ്ങനെ മനസ്സിലാക്കിയെന്നത് വളരെ പ്രധാനമാണ്. അഹ്ലുസ്സുന്നത്ത് വൽജമാഅത്തിന്റെ വിശ്വാസധാര തന്നെ രൂപപ്പെടുന്നത് ഈ അടിസ്ഥാനത്തിലാണ്. ഇതിൽ ഊന്നിനിന്നുകൊണ്ട് വിശദാംശങ്ങളിൽ വിശാലത ആകാവുന്നതാണെന്ന് മാത്രം.

ഗവേഷകരായ മുൻകാല പണ്ഡിതന്മാരുടെ ചിന്തകളും അഭിപ്രായങ്ങളും ഇസ്ലാമിക ചിന്തയെ പരിമിതപ്പെടുത്തുകയല്ല, ചവിട്ടി നിൽക്കാനുള്ള ഭൂമിക ഒരുക്കുകയും വഴിവെളിച്ചം പ്രസരിപ്പിക്കുകയുമാണ് ചെയ്യുന്നത്. ധൈഷണികമായ ഈ അമൂല്യ സമ്പത്ത് ചിന്തയുടെ പുതിയ ചക്രവാളങ്ങളിലേക്ക് എത്തിനോക്കാൻ പുതിയ ഗവേഷകരെ സഹായിക്കും.

'ഒരു വിഷയത്തിൽ തന്നെയുള്ള പ്രവാചകന്റെ വിവിധ സന്ദർഭങ്ങളിലുള്ള നിലപാടുകൾ വ്യത്യസ്തങ്ങളായിരുന്നതിനാൽ പ്രവാചകനെ പൂർണമായും പിൻപറ്റുക സാധ്യമല്ല' എന്ന ലേഖകന്റെ 'വളരെ മോഡേൺ' ആയ വാദഗതി അപകടകരമാണ്. മിക്കവാറും വിഷയങ്ങളിൽ കർമശാസ്ത്ര വിഷയങ്ങളിൽ വിശേഷിച്ചും പ്രവാചകനി(സ)ൽനിന്ന് വ്യത്യസ്ത നിലപാടുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, പ്രവാചകനെ പൂർണമായും പിൻപറ്റുക സാധ്യമല്ലെന്ന വാദം പ്രവാചക നിയോഗലക്ഷ്യത്തെ നിരാകരിക്കലാണ്. അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ കൽപന പ്രകാരം അനുസരിക്കാനല്ലാതെ ഒരു പ്രവാചകനും അയക്കപ്പെട്ടിട്ടില്ല", "അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്'', "നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ നിങ്ങൾ എന്നെ (നബിയെ) പിൻപറ്റുക, എങ്കിൽ അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടും."

നമ്മുടെ മനുഷ്യസഹജമായ പരിമിതികൾ കൊണ്ട് പൂർണമായി പ്രവാചകനെ പിൻപറ്റുക വ്യക്തികളെന്ന നിലക്ക് പ്രായോഗികമല്ലെന്ന് പറയുന്നതും ഒരു തത്ത്വമെന്ന നിലക്ക് അതിന്റെ സാധ്യത തള്ളിപ്പറയുന്നതും തമ്മിൽ അജഗജാന്തരമുണ്ടെന്നോർക്കുക.

'പ്രവാചകൻ രണ്ട് നിലപാടെടുത്ത ഒരു വിഷയത്തിൽ മൂന്നാമതൊരു നിലപാട് ഉണ്ടായിക്കൂടാ എന്ന് പറയുന്നതിൽ ന്യായമൊന്നുമില്ല. അങ്ങനെ പാടില്ലെന്ന് ഖുർആനോ സുന്നത്തോ പറഞ്ഞിട്ടില്ല' എന്ന വാദവും ഇതിനോട് ചേർത്തുവെച്ചാൽ ഖുർആനെ തന്നിഷ്ടപ്രകാരം (കാലികമെന്നത് മിനുക്ക് പ്രയോഗം) വ്യാഖ്യാനിക്കുന്നതിനാണോ ഖുർആന്റെ കാലിക വായനയെന്ന് പറയുകയെന്ന് തെറ്റിദ്ധരിച്ചുപോകും! യഥാർഥത്തിൽ പ്രവാചകന്റെ ശാസനകളോടും അധ്യാപനങ്ങളോടുമുള്ള വിശ്വാസിയുടെ നിലപാടെന്തായിരിക്കണമെന്ന് ഖുർആൻ അർഥശങ്കക്കിടമില്ലാത്തവിധം വ്യക്തമാക്കിയിരിക്കുന്നു.

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ ആ കാര്യത്തിൽ സ്വന്തമായ ഒരു തീരുമാനമെടുക്കാൻ യാതൊരു വിശ്വാസിക്കും വിശ്വാസിനിക്കും അവകാശമില്ലാത്തതാകുന്നു. ആര് അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവൻ സ്പഷ്ടമായ ദുർമാർഗത്തിലകപ്പെട്ടുപോയി" (*അൽഅഹ്സാബ്* 36).

ഒരു വിഷയത്തിൽ പ്രവാചകനിൽനിന്ന് രണ്ട് നിലപാടുണ്ടായി എന്നതുകൊണ്ട് രണ്ടും വേണ്ടെന്ന് പറയാൻ 'ഖുർആന്റെ എഴുതാപുറം' വായന കൊണ്ടല്ലാതെ സാധിക്കുമോ?

aknaser@yahoo.co.uk